# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മടിക്കൈ ഗ്രാമപഞ്ചായത്ത്

## 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി-8/636/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്

ജില്ല

തീയതി.12.06.2017

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മടിക്കൈ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മടിക്കൈ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ. മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി-8/636/2017 തിയതി :12.06.2017

## കാസറഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16-12-2016 മുതൽ 31-03-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 09 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 01.06.2017 മുതൽ 09.06.2017 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | കിഷോർ.എ.ജി | ഓഡിറ്റ് ഓഫീസർ |
| | തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | രഘുനാഥൻ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ജെന കുര്യാക്കോസ് | സീനിയർഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സി.പ്രഭാകരൻ | 01.04.2016മുതൽ31.03.2017വരെ |
| സെക്രട്ടറി | ശ്രീ. എം.പി അശോക് കുമാർ | 01.04.2016മുതൽ 02.3.2017വരെ |
| | ശ്രീ. മധുസൂദനൻ.വി (അസി.സെക്രട്ടറി) | 03.03.2017മുതൽ 31.3.2017വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | നിർമ്മല.പി.വി | 01.04.2016 മുതൽ 31.12.2016 വരെ |
| | മധുസൂദനൻ.വി | 05.01.2017 മുതൽ 31.03.2017 വരെ |
| അസി.എഞ്ചിനിയർ | ലീലാമ്മ.പി.ടി | 01.04.2016മുതൽ 07.07.2016 വരെ |
| | സന്തൂപ് ചന്ദ്രൻ | 08.07.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | പി.കെ.രമേഷ്. | 01.04.2016മുതൽ 31.12.2016വരെ |
| | ആർജിത.പി.വി | 01.01.2017മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ബിജി. | 01.04.2016മുതൽ 31.03.2017വരെ |
| വി.ഇ.ഒ | ഷൈജു.കെ.വി | 01.04.2016മുതൽ 23.09.2016 വരെ |
| | ചാക്കോ.പി.ഒ | 24.09.2016മുതൽ 31.10.2016 വരെ |
| | ശ്രീനിവാസൻ.ജി | 01.11.2016മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | സലീം.ടി.എം | 01.04.2016മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.സ്മിതസെബാസ്റ്റ്യൻ | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയ്യൂർവേദം | ഡോ.സ്വപ്ന.കെ.എസ് | 01.04.2016മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽഓഫീസർ, അലോപ്പതി | ഡോ.ബ്രിജേഷ് ഭാസ്കർ | 01.04.2016മുതൽ 03.08.2016 വരെ |
| | ഡോ.പ്രവീൺ.എസ്.ബാബു | 04.08.2016മുതൽ 03.01.2017 വരെ |
| | ഡോ.ഡെൻസിമോൾ.ഡി.സി | 04.01.2017മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ജ്യോതി | 01.04.2016മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 12 | ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല | 2-1 |
| | ഭാഗം 3 | |
| 13 | ഗുണഭോക്തൃ ഗ്രാമ സഭ,സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭ,ജലജീവനം ഗ്രാമസഭ, ജലസുഭിക്ഷ ഗ്രാമ സഭ എന്നിവയ്ക്ക് പന്തൽ,കസേര,മൈക്ക് സെറ്റ്, എന്നിവയ്ക്ക് ക്വട്ടേഷൻ സ്വീകരിച്ചതിൽ അപാകത | 3-1 |
| 14 | ഗ്രാമ പഞ്ചായത്ത് വാഹനം വാങ്ങൾ പദ്ധതി അപാകത | 3-2 |
| 15 | മടിക്കൈ ഗ്രാമ പഞ്ചായത്ത് 2010-15 വർഷത്തെ വികസന രേഖ തയ്യാറാക്കൽ പദ്ധതി | 3-3 |

| | | |
|---|---|---|
| 16 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ പദ്ധതി അപാകത | 3-4 |
| 17 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ പദ്ധതി അപാകത | 3-5 |
| 18 | ആശ്രയ പദ്ധതി തുക ചെലവഴിച്ചിട്ടില്ല | 3-6 |
| 19 | റോഡ് ടാറിങ്ങ് പ്രവൃത്തികൾ ടാർ വാങ്ങി നൽകി പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 3-7 |
| 20 | ടാർ വാങ്ങുന്നതിന് ഓയിൽ കമ്പനികൾക്ക് മുൻകൂർ നൽകി തിരികെ ലഭിക്കുവാനുള്ളത് 73,478രൂപ | 3-8 |
| 21 | വ്യക്തിഗത ഗാർഹിക കക്കൂസ് പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് മുഴുവൻ ചെലവഴിച്ചില്ല. | 3-9 |
| 22 | ആരോഗ്യ മേഖല- വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുവാനവശേഷിക്കുന്നത് 5.62 ലക്ഷം രൂപയുടെ മരുന്നുകൾ | 3-10 |
| | ഭാഗം 4 | |
| 23 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

<u>അനുബന്ധപത്രികകൾ</u>

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04-03-2016 ലെ ഭരണസമിതി തീരുമാനം നമ്പർ 1 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 2,49,45,273 |
| വരവ് | 22,96,09,000 |
| ആകെ | 25,45,54,273 |
| ചെലവ് | 24,02,97,700 |
| നീക്കിയിരിപ്പ് | 1,42,56,573 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 15-05-2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിശദാംശം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 01-06-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയിഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു .

1)2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ച അപാകതകൾ പൂർണ്ണമായിപരിഹരിച്ചിട്ടില്ല..

2)പരിശോധനയ്ക്ക് ലഭ്യമാക്കിയ തൻവർഷത്തെ വസ്തു നികുതി കളക്ഷൻ, കുടിശ്ശിക ഡിമാന്റ് എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റിലെ തുകകളും വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 1,53,18,972 |
| വരവ് | 6,22,97,255 |
| ആകെ | 7,76,16,227 |
| ചെലവ് | 5,78,63,404 |
| നീക്കിയിരിപ്പ് | 1,97,52,823 |

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് തുക സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 1,22,58,922 | 1,22,58,922 | 1,21,60,830 | 98,092 | 99.19 |
| വികസനഫണ്ട് എസ്.സി.പി. | - | 27,88,818 | 27,88,818 | 25,69,508 | 2,19,310 | 92.13 |
| വികസനഫണ്ട് ടി.എസ്.പി. | - | 30,255 | 30,255 | 0 | 30,255- | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 1,18,59,783 | 1,18,59,783 | 44,01,416 | 74,58,367 | 37.11 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 34,20,288 | 34,20,288 | 23,48,141 | 10,72,147 | 68.65 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 68,75,255 | 68,75,255 | 59,20,500 | 9,54,755 | 86.11 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | - | 42,38,669 | 42,38,669 | 42,06,908 | 31,761 | 99.25 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 3,93,35,619 | 3,93,35,619 | 3,93,35,619 | - | 100 |
| MGNREGA | 1,492 | 4,38,80,406 | 4,38,81,898 | 4,38,79,357 | 2,541 | 99.99 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 120 | 62 | 34 | 24 | 51.66 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 13 | 58,16,466 | 7 | 39,11,831 | 67.25 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 56 | 3,45,64,261 | 40 | 1,26,20,896 | 36.51 |
| 3 | കൃഷി ഓഫീസർ. | 4 | 63,21,400 | 4 | 36,51,900 | 57.77 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | 7 | 84,82,400 | 7 | 73,75,000 | 86.94 |
| 5 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 4 | 38,26,400 | 4 | 37,49,584 | 97.99 |
| 6 | വെറ്റനറി സർജ്ജൻ | 7 | 16,21,300 | 5 | 97,31,77 | 60.02 |
| 7 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 5 | 11,65,000 | 5 | 11,45,000 | 98.28 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം. | 5 | 10,75,000 | 5 | 10,53,817 | 98.02 |
| 9 | പ്രധാനാധ്യാപകൻ. | 7 | 13,87,099 | 7 | 11,99,155 | 86.45 |
| 10 | അസി.സെക്രട്ടറി | 11 | 22,02,500 | 11 | 20,67,332 | 93.86 |
| 11 | മെഡിക്കൽ | 1 | 1,50,000 | 1 | 1,50,000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസർ - ഹോമിയോ | | | | | |
| | ആകെ | 120 | 6,66,11,826 | 96 | 3,78,97,692 | 56.89 |

## 1-7 തനതു വരുമാനം

മുൻവർഷത്തെ അപേക്ഷിച്ച് ഗ്രാമ പഞ്ചായത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 26.06 % ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 28,44,097 | 35,57,647 | (+) 7,13,550 | (+)25.08 |
| നികുതിയേതര വരവുകൾ | 6,46,332 | 7,61,394 | (+) 1,15,062 | (+)17.80 |
| മറ്റുവരവുകൾ | 1,48,209 | 2,68,121 | (+) 1,19,912 | (+) 80.90 |
| ആകെ | 36,38,638 | 45,87,162 | (+) 9,48,524 | (+) 26.06 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2,47,200 | 173 |
| കർഷക തൊഴിലാളി പെൻഷൻ | 74,98,990 | 843 |
| വിധവാ പെൻഷൻ | 1,43,36,630 | 1407 |
| വാർദ്ധക്യകാല പെൻഷൻ | 1,13,57,755 | 1180 |
| വികലാംഗ പെൻഷൻ | 29,06,355 | 318 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 3,59,810 | 35 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 12,30,000 | 41 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-06-2017 ന് (5.00 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,608രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.02.2017 to 01.03.2017 | 2016ഡിസംബർ & 2017ജനവരി | 01-03-2017 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഇല്ല. | ഇല്ല. | ഇല്ല. |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

2016-17 വർഷത്തിൽ ഇ ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ, ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഈ തുകകൾ തദ്ദേശ സ്വയം ഭരണ വകുപ്പ് കാസറഗോഡ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ കെട്ടിക്കിടക്കുകയാണ്. തുകകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രൊജക്റ്റ് നം | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീസ് | പങ്കെടുത്ത കരാറുകാരുടെ എണ്ണം | പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ആകെ ഫീസ് |
|---|---|---|---|---|---|
| 1 | 46/16-17 | കാടങ്കോട് വലിയ തടം കാനായി റോഡ് ടാറിങ്ങ് | 1100 | 2 | 2200 |
| 2 | 35/16-17 | വി.ഇ.ഒ ഓഫീസ് , അസിസ്റ്റന്റ് എഞ്ചിനിയറുടെ ഒഫീസ് എന്നിവയുടെ പുനരുദ്ധാരണം | 1100 | 2 | 2200 |
| 3 | 30/16-17 | വിവധ അങ്കണവാടികളുടെ റിപ്പയർ | 1400 | 2 | 2800 |
| 4 | 25/16-17 | ബങ്കളം കക്കാട്ട് അമ്പലം റോഡ് റീടാറിങ്ങ് | 5000 | 4 | 20000 |
| 5 | 113/16-17 | മേക്കാട്ട് ചാളക്കടവ് പൂത്താക്കൽ റോഡ് ടാറിങ്ങ് | 1700 | 5 | 8500 |
| 6 | 18/16-17 | കൊരങ്ങനാടി കുളങ്ങാട് റോഡ് ടാറിങ്ങ് | 5000 | 7 | 35000 |
| 7 | 15/16-17 | കുളങ്ങാട് കരുവളപ്പ് റോഡ് റീ ടാറിങ്ങ് | 1100 | 3 | 3300 |
| 8 | 11/16-17 | കുണ്ടറ തേരക്കൊച്ചി റോഡ് ടാറിങ്ങ് | 1400 | 5 | 7000 |
| | | ആകെ | | 30 | 81000 |

മേൽ തുകകൾ പഞ്ചായത്തിന് ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിന്

ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ ഗ്രാമസഭ, സോഷ്യൽഓഡിറ്റ് ഗ്രാമസഭ, ജലജീവനം ഗ്രാമസഭ,ജലസുഭിക്ഷ ഗ്രാമസഭ എന്നിവയ്ക്ക് പന്തൽ, കസേര, മൈക്ക് സിസ്റ്റം എന്നിവയ്ക്ക് ക്വട്ടേഷൻ സ്വീകരിച്ചതിൽ അപാകത.

(a)വൗച്ചർ നം.21600678/7.1.2017- 18250/- ഗുണഭോക്തൃ ഗ്രാമസഭ, സോഷ്യൽഓഡിറ്റ് ഗ്രാമസഭ എന്നിവയ്ക്ക് പന്തൽ, കസേര എന്നിവ വിതരണം ചെയ്തതിന് ചെലവഴിച്ച തുക.

(b)വൗച്ചർ നം.21600679/7.1.2017 – 20000/- ഗുണഭോക്തൃ ഗ്രാമസഭ, സോഷ്യൽഓഡിറ്റ് ഗ്രാമസഭ എന്നിവയ്ക്ക് മൈക്ക് സിസ്റ്റം വിതരണം ചെയ്തതിന് ചെലവഴിച്ച തുക.

(c)വൗച്ചർ നം.21600868/17.3.2017- 10200/- ജലജീവനം,ജലസുഭിക്ഷ ഗ്രാമസഭ എന്നിവയ്ക്ക് പന്തൽ, കസേര എന്നിവ വിതരണം ചെയ്തതിന് ചെലവഴിച്ച തുക.

(d)വൗച്ചർ നം.21600869/17.3.2017 – 11000/- ജലജീവനം,ജലസുഭിക്ഷ ഗ്രാമസഭ എന്നിവയ്ക്ക് മൈക്ക് സിസ്റ്റം വിതരണം ചെയ്തതിന് ചെലവഴിച്ച തുക.

മേൽ സൂചിപ്പിച്ച വിവിധതരം ഗ്രാമസഭകൾക്ക് പന്തൽ, കസേര, മൈക്ക് എന്നിവ വിതരണം ചെയ്യുന്നതിന് നം.എ1-7138/16, തിയ്യതി 24.9.16, നം.എ1-3081(5)/17, തിയ്യതി 3.1.17 എന്നിവ പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. പന്തൽ, കസേര, മൈക്ക് എന്നിവ വിതരണം ചെയ്യുന്നതിന് വാഹനവാടക അടക്കം തുക ക്വാട്ട് ചെയ്യണം എന്നാണ് ക്വട്ടേഷനിൽ പറഞ്ഞത്. പക്ഷെ ക്വട്ടേഷൻ സ്വീകരിച്ചപ്പോൾ പന്തൽ, കസേര എന്നിവയ്ക്കും മൈക്കിനും വെവ്വേറെ ക്വട്ടേഷനുകളായാണ് സ്വീകരിച്ചത്. അലങ്കാർ ഡിന്നർ സെറ്റ് , വി.എസ്. ലൈറ്റ് &സൗണ്ട്, ധന്യ ലൈറ്റ് &സൗണ്ട് എന്നീ 3 സ്ഥാപനങ്ങളുടെ ക്വട്ടേഷനുകളാണ് ലഭിച്ചത്. ഈ 3 സ്ഥാപനങ്ങളും രണ്ട് പ്രവർത്തികൾക്കും ക്വട്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ക്രമ നം.(a),(b) എന്നിവ പ്രകാരം പന്തൽ, കസേര എന്നിവ വിതരണം ചെയ്യുന്നതിന് അലങ്കാർ ഡിന്നർ സെറ്റിന്റെ ക്വട്ടേഷനും, മൈക്ക് സിസ്റ്റം വിതരണം ചെയ്യുന്നതിന് വി.എസ്. ലൈറ്റ് &സൗണ്ടിന്റെ ക്വട്ടേഷനുമാണ് അംഗീകരിച്ചത്. ക്രമ നം.(c),(d) എന്നിവ പ്രകാരം പന്തൽ, കസേര എന്നിവ വിതരണം ചെയ്യുന്നതിന് അലങ്കാർ ഡിന്നർ സെറ്റിന്റെ ക്വട്ടേഷനും, മൈക്ക് സിസ്റ്റം വിതരണം ചെയ്യുന്നതിന് വി.എസ്. ലൈറ്റ് &സൗണ്ടിന്റെ ക്വട്ടേഷനുമാണ് അംഗീകരിച്ചത്.

പന്തൽ, കസേര, മൈക്ക് എന്നിവ വിതരണം ചെയ്യുന്നതിന് വാഹനവാടക അടക്കം ഒന്നിച്ചാണ് ക്വട്ടേഷൻ ക്ഷണിച്ചത്, പക്ഷെ സ്ഥാപനങ്ങളിൽ നിന്ന് പന്തൽ, കസേര എന്നിവയ്ക്കും മൈക്ക് സിസ്റ്റത്തിനും വെവ്വേറെ ക്വട്ടേഷൻ സ്വീകരിച്ചതിനാൽ വാഹനവാടക ഇനത്തിൽ അധികം തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ഈ സ്ഥാപനങ്ങളോട് 3 ഇനങ്ങൾക്കും ഒന്നിച്ച് ക്വട്ടേഷൻ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിൽ വാഹന വാടക ഇനത്തിൽ രണ്ട് തവണ തുക നൽകേണ്ടി വരില്ലായിരുന്നു. കാരണം ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനങ്ങളെല്ലാം രണ്ട് ഇനങ്ങൾക്കും തുക ക്വാട്ട് ചെയ്തിട്ടുണ്ട്. ഒറ്റ പ്രവർത്തിയായി കണ്ട് ക്വട്ടേഷൻ ക്ഷണിക്കുകയും, പിന്നീട് രണ്ട് തരത്തിൽ ക്വട്ടേഷൻ സ്വീകരിച്ച് പ്രവർത്തി നടത്തുകയും ചെയ്തത് ശരിയായ നടപടിയല്ല. സ്വകാര്യസ്ഥാപനങ്ങളെ സഹായിക്കുന്ന തരത്തിൽ സ്ഥാപനങ്ങൾക്ക് പ്രവർത്തികൾ വീതം വെച്ച് നൽകി എന്നാണ് ഓഡിറ്റിന്റെ വിലയിരുത്തൽ. ഇത്തരത്തിൽ സ്വകാര്യസ്ഥാപനങ്ങൾക്ക് സാമ്പത്തികനേട്ടം

ഉണ്ടാക്കിക്കൊടുക്കുകയല്ല ഗ്രാമപഞ്ചായത്തിന്റെ ചുമതല. തനത് വരുമാനം താരതമ്യേന കുറഞ്ഞ ഗ്രാമപഞ്ചായത്തിന് ഇത്തരം നടപടികൾ അഭികാമ്യമല്ല, ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 ഗ്രാമപഞ്ചായത്ത് -വാഹനം വാങ്ങൽ പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രൊജക്ട് നം.133/17 – മടിക്കൈ .

വൗച്ചർ നമ്പർ.21600950/30.3.2017 – 8,95,270/-

മടിക്കൈ ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നതിനായി തയ്യാറാക്കിയ ഈ പദ്ധതി പ്രകാരം മഹീന്ദ്രാ&മഹീന്ദ്രാ ലിമിറ്റഡ്, എടപ്പള്ളി,കൊച്ചിയുടെ പ്രഫോർമ ഇൻവോയ്സ് നം.349(17)XP/2099, 15.2.2017 അനുസരിച്ച് സ്കോർപിയോ എന്ന വാഹനത്തിനായി ആകെ 8,95,270/- രൂപ ഈ കമ്പനിക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1)സർക്കാർ ഉത്തരവ് നം.86/06/തസ്വഭവ, തിയ്യതി 31.3.2016 തദ്ദേശസ്വയംഭരണ (ഡിപി)വകുപ്പ് പ്രകാരം നിലവിൽ വാഹനം ഉള്ള ഗ്രാമപഞ്ചായത്തുകൾ പുതിയ വാഹനം വാങ്ങുമ്പോൾ പഴയ വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷമെ പുതിയ വാഹനം വാങ്ങാൻ പാടുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ പഴയ വാഹനം KL-14 E699 മഹീന്ദ്രാ ജീപ്പ് കണ്ടം ചെയ്യാനുള്ള നടപടികൾ നാളിതുവരെയായി പൂർത്തീകരിക്കാതെയാണ് പുതിയ വാഹനം വാങ്ങാൻ തീരുമാനിച്ചത്.

2)31.3.2017 ന് പുതിയ വാഹനം വാങ്ങാൻ തുക ബന്ധപ്പെട്ട കമ്പനിക്ക് 8,95,270/-രൂപ (ഓൺലൈൻ പേമെന്റ്)നൽകിയെങ്കിലും നാളിതുവരെയായി കമ്പനി വാഹനം സപ്ലൈ ചെയ്തിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.07/07.06.2017 പ്രകാരം ഇക്കാര്യങ്ങൾക്ക് വിശദീകരണം ചോദിച്ചതിന് 8.6.2017 ന് മറുപടി നൽകിയിട്ടുണ്ട്. എത്രയും പെട്ടെന്ന് പഴയ വാഹനം കണ്ടം ചെയ്യാൻ നടപടി സ്വീകരിക്കുമെന്നും, പുതിയ വാഹനം എത്രയും പെട്ടെന്ന് വിതരണം ചെയ്യാൻ ബന്ധപ്പെട്ട കമ്പനിയോട് ആവശ്യപ്പെടാമെന്നുമാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. തുക നൽകിയെങ്കിലും വാഹനം ലഭിക്കാതിരുന്നതിനാൽ 8,95,270/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഴയ വാഹനം കണ്ടം ചെയ്യാനുള്ള നടപടികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതാണ്, പുതിയ വാഹനം എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ കമ്പനിയോട് ആവശ്യപ്പെടേണ്ടതാണ്.

## 3-3 മടിക്കൈ ഗ്രാമപഞ്ചായത്ത് 2010-15 വർഷത്തെ വികസനരേഖ തയ്യാറാക്കൽ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി,

പ്രൊജക്ട് നം.39/17

വൗച്ചർ നമ്പർ.21600542/16.11.16 – 69286/-

വൗച്ചർ നമ്പർ.21600543/16.11.16/16.11.16 – 1414/-

------------------

ആകെ - 70700/-

------------------

മടിക്കൈ ഗ്രാമപഞ്ചായത്ത് 2010-15 വർഷത്തെ വികസനരേഖ തയ്യാറാക്കുന്ന പ്രവർത്തിക്കായി ക്വട്ടേഷൻ നോട്ടീസ് നമ്പർ എ1.3081/15, തിയ്യതി 27.7.2015 പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും 4.7.2015 ന് ശ്രീചിത്രാ ഓഫ് സെറ്റ് പ്രസ്സ് കാഞ്ഞങ്ങാട് സമർപ്പിച്ച ക്വട്ടേഷൻ ഭരണസമിതി തീരുമാനം നം. 02/15, തിയ്യതി 7.8.15 പ്രകാരം അംഗീകരിച്ച് പ്രവർത്തി അവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 1000 കോപ്പി വികസനരേഖ പ്രിന്റ് ചെയ്ത് സമർപ്പിക്കുന്നതിന് ശ്രീചിത്രാ ഓഫ് സെറ്റ് പ്രസ്സ് കാഞ്ഞങ്ങാടിന് നം.5867/15,തിയ്യതി 8.11.2015 പ്രകാരം സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ബിൽ നം.345/4.11.2016 പ്രകാരം സ്ഥാപനം 1000 കോപ്പി വികസനരേഖ വിതരണം ചെയ്യുകയും, ഗ്രാമപഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 57 ൽ ഇവ കിട്ടിയതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പ്രവർത്തി നൽകിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1)ഈ പ്രവർത്തിക്ക് ക്വട്ടേഷൻ ക്ഷണിച്ചത് 27.7.2015 നാണ്, എന്നാൽ അംഗീകരിച്ച ക്വട്ടേഷൻ സമർപ്പിച്ചിരിക്കുന്നത് 4.7.2015 നാണ്.

2)വികസന രേഖ പ്രിന്റ് ചെയ്യുമ്പോൾ അതിൽ പരസ്യം ഉൾപ്പെടുത്താൻ ഭരണസമിതി തീരുമാനിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.സർക്കാർ പ്രസിദ്ധീകരണങ്ങളിൽ പരസ്യം ഉൾപ്പെടുത്തണമെങ്കിൽ സർക്കാരിന്റെ അനുമതി വേണം, അങ്ങനെയൊരു അനുമതി വാങ്ങിയിട്ടില്ല.

3) വികസന രേഖയിൽ 14 സ്വകാര്യസ്ഥാപനങ്ങളുടെ പരസ്യങ്ങൾ ഉണ്ട്. 2 സ്ഥാപനങ്ങൾ ഫുൾപേജ് പരസ്യവും, 12സ്ഥാപനങ്ങൾ ഹാഫ് പേജ് പരസ്യവും ആണ് നൽകിയിട്ടുള്ളത്. ഈ പരസ്യങ്ങളുടെ നിരക്ക്, ഈടാക്കിയ തുക, സ്ഥാപനങ്ങൾക്ക് നൽകിയ രശീതുകൾ, തുക വരവ് കാണിച്ചത് എന്നിവ സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.06/07.06.2017 പ്രകാരം ഇക്കാര്യങ്ങൾക്ക് വിശദീകരണം ചോദിച്ചതിന് 08.6.2017 ന് മറുപടി നൽകിയത് ഇപ്രകാരമാണ്. ക്രമ നം. (1),(2) എന്നിവയ്ക്കുള്ള മറുപടി ക്വട്ടേഷനിൽ തിയ്യതി രേഖപ്പെടുത്തുമ്പോൾ സ്ഥാപനത്തിന് തെറ്റ് വന്നതാണെന്നും, പരസ്യം ഉൾപ്പെടുത്താൻ ഭരണസമിതി തീരുമാനിച്ചിട്ടില്ല എന്നുമാണ്.

ക്രമ നം.(3) ന് പരസ്യങ്ങൾക്ക് തുക ക്യാഷ് ആയി വാങ്ങിയിട്ടില്ല എന്നും വാർഡ്തല വികസന സെമിനാർ സംഘടിപ്പിച്ചതിന്റെ ചെലവ് ഈ 14 സ്ഥാപനങ്ങളെക്കൊണ്ട് വഹിപ്പിച്ചു എന്നുമാണ്. ഈ സ്ഥാപനങ്ങളിൽ നിന്നും യാതൊരു രേഖയും ഇല്ലാതെ വലിയ തുക പണമായി പിരിച്ചെടുത്തു എന്ന് ഈ മറുപടി വ്യക്തമാക്കുന്നു, അതിനാൽ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇക്കാര്യത്തിൽ യാതൊരു ഭരണസമിതി തീരുമാനവും ഉണ്ടായിട്ടില്ല. അതിനാൽ ഈ സമയത്തെ സർക്കാർ പരസ്യനിരക്ക് കണക്കാക്കി ഈ 14സ്ഥാപനങ്ങളിൽ നിന്നും രശീതി നൽകി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്, അല്ലാത്തപക്ഷം ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നതും ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതുമായിരിക്കും, അതുവരെ ചെലവ് തുക 70,700/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 <u>പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ പദ്ധതി-അപാകത</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി,

പ്രൊജകട് നമ്പർ -111/17

വൗച്ചർ നം.21600912/23.3.2017 – 43020/-

ഈ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ ഹൈസ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ആകെ 11 സൈക്കിളുകൾ വാങ്ങി നൽകിയിട്ടുണ്ട്. ഹീറാ ട്രേഡിംഗ് കമ്പനിയുടെ ഇൻവോയ്സ് നം.3429/23.2.2017 പ്രകാരം Hero Nitro Integra 26 എന്ന ആൺകുട്ടികളുടെ സൈക്കിൾ 8 എണ്ണവും, Hero Misgold എന്ന പെൺകുട്ടികളുടെ സൈക്കിൾ 3 എണ്ണവുമാണ് വാങ്ങിയത്. ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1)വിതരണം ചെയ്യുന്നതിന് മുമ്പ് സൈക്കിളിന്റെ ഗുണനിലവാരം, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച് സാങ്കേതിക സ്ഥാപനങ്ങളെക്കൊണ്ട് പരിശോധന നടത്തിയിട്ടില്ല.

2)10 കുട്ടികളിൽ 4 പേരുടെ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. (1.ആർദ്രരാജൻ 2.അദ്വൈത് ബാലൻ 3.അക്ഷയ് ബാലൻ 4.അജയ്.കെ.വി)

ഓഡിറ്റ് എൻക്വയറി നം.08/07.06.2017 പ്രകാരം ഇക്കാര്യങ്ങൾക്ക് വിശദീകരണം ചോദിച്ചതിന് 08.06.2017 ന് മറുപടി നൽകിയിട്ടുണ്ട്. ഗുണനിലവാരം, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച് സാങ്കേതിക സ്ഥാപനങ്ങളെക്കൊണ്ട് പരിശോധന നടത്തിയതിന്റെ രേഖകൾ, 4 കുട്ടികളുടെ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. അതുവരെ 43020/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി,

പ്രൊജകട് നമ്പർ -112/17

വൗച്ചർ നം.21600911/23.3.2017 – 1,96,000/-

ഈ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ ഹൈസ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആകെ 50 സൈക്കിളുകൾ വാങ്ങി നൽകിയിട്ടുണ്ട്. ഹീറാ ട്രേഡിംഗ് കമ്പനിയുടെ ഇൻവോയ്സ് നം.3428/23.2.2017 പ്രകാരം Hero Nitro Integra 25 എന്ന ആൺകുട്ടികളുടെ സൈക്കിൾ 8 എണ്ണവും, Hero Misgold എന്ന പെൺകുട്ടികളുടെ സൈക്കിൾ 25 എണ്ണവുമാണ് വാങ്ങിയത്. ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1)വിതരണം ചെയ്യുന്നതിന് മുമ്പ് സൈക്കിളിന്റെ ഗുണനിലവാരം, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച് ഏതെങ്കിലും സാങ്കേതിക സ്ഥാപനങ്ങളെക്കൊണ്ട് പരിശോധന നടത്തിയിട്ടില്ല.

2)ആകെ വാങ്ങിയ 50 സൈക്കിളുകളിൽ 25 എണ്ണം ആൺകുട്ടികളുടെ സൈക്കിളുകളും, 25 എണ്ണം പെൺകുട്ടികളുടെ സൈക്കിളുകളുമാണ് . എന്നാൽ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധന നടത്തിയപ്പോൾ 26 ആൺകുട്ടികൾക്കും 24പെൺകുട്ടികൾക്കുമാണ് വിതരണം ചെയ്തത്. 1ആൺകുട്ടിക്ക് പെൺകുട്ടികളുടെ സൈക്കിളാണോ നൽകിയത് എന്ന് വിശദീകരിച്ചിട്ടില്ല.

3)50 കുട്ടികളിൽ 3 പേരുടെ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. (1.നവനീത്.എം 2.ശ്രേയ.എസ്.ആർ 3.സുദിന നാരായണൻ)

ഓഡിറ്റ് എൻക്വയറി നം.09/07.06.2017 പ്രകാരം ഇക്കാര്യങ്ങൾക്ക് വിശദീകരണം ചോദിച്ചതിന് 08.06.2017 ന് മറുപടി നൽകിയിട്ടുണ്ട്. ഗുണനിലവാരം, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച് സാങ്കേതിക സ്ഥാപനങ്ങളെക്കൊണ്ട് പരിശോധന നടത്തിയതിന്റെ രേഖകൾ, 3 കുട്ടികളുടെ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. അതുവരെ 1,96,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ആശ്രയ പദ്ധതി- തുക ചെലവഴിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.95/17

വൗച്ചർ നം.21600913/23.3.2017– 2,50,000/- രൂപ

ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട് മേൽവൗച്ചർ പ്രകാരം ആകെ 2,50,000/- രൂപ സെക്രട്ടറി ട്രഷറിയിൽ നിന്ന് മാറി സി.ഡി.എസ് ചെയർപേഴ്സന് കൈമാറിയിട്ടുണ്ട്. സി.ഡി.എസ് ചെയർപേഴ്സന്റെ അക്കൗണ്ടിലേക്ക് 3.4.2017 ന് വരവ് വന്നിട്ടുണ്ട്. ഭവനനിർമ്മാണത്തിന് ചെലവഴിക്കാനുള്ള ഈ തുക എത്രയും പെട്ടെന്ന് ചെലവഴിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 റോഡ് ടാറിങ്ങ് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകി -പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

10.02.2017 ലെ സർക്കാർ സർക്കുലർ നം 75/ഡി.എ1/2017/തസ്വഭവ പ്രകാരം, 2016-17 വർഷം നടപ്പിലാക്കാനുദ്ദേശിച്ച റോഡ് ടാറിംഗ് / റീ ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ടാറും എമൂൽഷനും കരാറുകാർ ആവശ്യപ്പെടുന്ന പക്ഷം പഞ്ചായത്ത് സെക്രട്ടറി വാങ്ങി നൽകേണ്ടതുണ്ട്. മടിക്കൈ ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിരുന്ന റോഡ് ടാറിങ്ങ് പ്രവൃത്തികൾക്കായി ടാർ വാങ്ങി കരാറുകാർക്ക് നൽകിയിട്ടുണ്ട്.മാംഗളൂർ റിഫൈനറി &പെട്രോകെമിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 311ബാരൽ ടാറും (VG30)ഹിന്ദുസ്ഥാൻ കോൾസ് പ്രൈവറ്റ് ലിമറ്റഡ് എന്നസ്ഥാപനത്തിൽ നിന്നും 64 ബാരൽ Hincol Emulsion SS1ഉം, 32 ബാരൽ Hincol Emulsion RS1ഉം വാങ്ങിയിട്ടുണ്ട് . ഇതിനായി ആകെ 27,97,341രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനിയർ ട്രഷറിയിൽ നിന്നും പിൻവലിക്കുകയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് . 2017 മാർച്ച് മാസത്തിലാണ് സെക്രട്ടറി ഓയിൽ കമ്പനികൾക്ക് തുക മുൻകൂർ ആയി നൽകിയത്. എന്നാൽ ഈ മാസങ്ങളിൽ ടാറോ എമൽഷനോ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. പഞ്ചായത്ത് ഓർഡർ ചെയ്ത ടാറും എമൽഷനും ലഭിച്ചത് 2017 ഏപ്രിൽ, മാസത്തിൽ മാത്രമാണ്. അതു കൊണ്ടു തന്നെ 2016-17 വർഷം നടപ്പിലാക്കാനുദ്ദേശിച്ച 25 റോഡ് ടാറിംഗ് / റീ ടാറിംഗ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നാളിതുവരെയായിട്ടും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി. കൂടാതെ പ്രവൃത്തിക്കായി കരാറുകാരുമായി ഒപ്പുവെച്ച കരാറുടമ്പടികളിലൊന്നും തന്നെ പ്രവൃത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടുമില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 2തി 7-6-17) 08-6-17 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ടാർ സപ്ലൈ ചെയ്യേണ്ട സ്ഥാപനത്തിലെ

ലഭ്യതക്കുറവ് മൂലം 27-4-2017 ന് മാത്രമാണ് കരാറുകാർക്ക് ടാർ വിതരണം ചെയ്യുവാൻ സാധിച്ചതെന്നും അതിന് ശേഷം കാലവർഷം തുടങ്ങുന്നതിന് മുൻപ് 13 പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും എന്നാൽ ഇവയുടെ അന്തിമ ബിൽ നൽകിയിട്ടില്ലയെന്നും അറിയിക്കുകയുണ്ടായി. കൂടാതെ കരാർ കാലാവധി നാലുമാസമാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച് ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എക്സിറ്റ് മീറ്റീംഗിൽ അറിയിക്കുകയുമുണ്ടായി. ആകെയുള്ള 25 പ്രവൃത്തികളും പൂർത്തീകരിച്ച് ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടാർ വാങ്ങി നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ. നം | പ്രവൃത്തിയുടെ പേര് & പ്രൊജക്റ്റ് നം | കരാറുകാരന്റെ പേര് | നൽകിയ ടാറിന്റെ വിവരം (In Barrel) | | | തുക /ബിൽ നം/ തിയതി |
|---|---|---|---|---|---|---|
| | | | SS1 | RS1 | VG-30 | |
| 1 | എച്ചിക്കാനം ചുമലി വാഴക്കാട് പുളിക്കാൽ റോഡ് ടാറിങ്ങ്- 8/16-17 | ടി.കണ്ണൻ | 2.86 | 0.92 | 8.28 | ₹88954.00/- Bill.No.4/7-3-17 |
| 2 | ചുള്ളിമൂല അമ്പങ്ങോട്ടില്ലം റോഡ് ടാറിങ്ങ്-9/16-17 | കെ.ചന്തു | 2.80 | 0.91 | 8.12 | ₹87209.00/- Bill.No.5/7-3-17 |
| 3 | കുണ്ടറ അങ്കണ വാടി റോഡ് ടാറിങ്ങ് -10/16-17 | ബി.എം.കൃഷ്ണൻ നായർ | 2.73 | 0.88 | 7.91 | ₹85029.00/- Bill.No.6/7-3-17 |
| 4 | സി.എച്ച് കണാരൻ മന്ദിരം ചുള്ളിക്കാൽ തറവാട്റോഡ് ടാറിങ്ങ് 12/16-17 | കെ.ചന്തു | 2.80 | 0.91 | 8.11 | ₹87137.00/- Bill.No.7/7-3-17 |
| 5 | കാഞ്ഞിരപ്പൊയിൽ മുടിക്കാനം റോഡ് ടാറിങ്ങ്-13/16-17 | കെ.ചന്തു | 2.41 | 0.78 | 6.97 | ₹74855.00/- Bill.No.8/7-3-17 |
| 6 | കാരക്കോട് പള്ളം വെള്ളൂട റോഡ് ടാറിങ്ങ്-14/16-17 | കെ.ചന്തു | 2.20 | 0.71 | 6.37 | ₹68459.00/- Bill.No.9/7-3-17 |
| 7 | കുളങ്ങാട് കുറുവളപ്പ് റോഡ് റീടാറിങ്ങ്-15/16-17 | റഷീദ്.എം | - | 2.23 | 28.26 | ₹178851.00/- Bill.No.10/7-3-17 |
| 8 | കോതോട്ട് തൈവളപ്പ് റോഡ് ടാറിങ്ങ്-16/16-17 | കെ.ചന്തു | 2.75 | 0.89 | 7.97 | ₹85684.00/- Bill.No.11/7-3-17 |
| 9 | കുളിയൻമരം മൂലായിപ്പള്ളി ചെരണത്തല റോഡ് ടാറിങ്ങ് -17/16-17 | കെ.ചന്തു | 2.75 | 0.89 | 7.95 | ₹85465.00/- Bill.No.12/7-3-17 |

| | | | | | | |
|---|---|---|---|---|---|---|
| 10 | ചേക്കാനം തീർത്ഥങ്കര റോഡ് ടാറിങ്ങ്-19/16-17 | എം.വി.രമേശൻ | 4.20 | 1.36 | 12.17 | ₹130814.00/- Bill.No.13/7-3-17 |
| 11 | കാനത്ത്കൊച്ചി കരിച്ചേരി റോഡ് ടാറിങ്ങ്-21/16-17 | സി. എച്ച്. ഇക്ബാൽ | 3.28 | 1.06 | 9.50 | ₹102035.00/- Bill.No.14/7-3-17 |
| 12 | മേക്കാട്ട് അട്ടക്കാട്ട് റോഡ് ടാറിങ്ങ് -22/16-17 | കെ.ചന്ദ്രൻ | 3.25 | 1.05 | 9.40 | ₹101046.00/- Bill.No.15/7-3-17 |
| 13 | കടവുങ്കാൽ റോഡ് ടാറിങ്ങ് 23/16-17 | എ.കണ്ണൻ | 1.96 | 0.63 | 5.68 | ₹61047.00/- Bill.No.16/7-3-17 |
| 14 | കുണ്ടേന നീലാശ്വരം മടിക്കൈ കുഞ്ഞിക്കണ്ണൻ സ്മാരക റോഡ് ടാറിങ്ങ് 24/16-17 | എം.ചന്ദ്രൻ | 3.15 | 1.02 | 9.13 | ₹98111.00/- Bill.No.17/7-3-17 |
| 15 | ചുള്ളിമൂല ശാസ്താംകാവ് റോഡ് ടാറിങ്ങ്-27/16-17 | കെ.ബാലകൃഷ്ണൻ | 1.96 | 0.63 | 5.68 | ₹61047.00/- Bill.No.18/7-3-17 |
| 16 | മേക്കാട്ട് കാവ് കോങ്കാട്ട് റോഡ് ടാറിങ്ങ്29/16-17 | രാജേഷ്.പി | 2.72 | 0.88 | 7.87 | ₹84593.00/- Bill.No.19/7-3-17 |
| 17 | മേക്കാട്ട് ചാളക്കടവ് പൂത്താക്കൽ റോഡ് ടാറിങ്ങ് 113/16-17 | റോയ് ജോസഫ് | - | 3.45 | 40.95 | ₹260809.00/- Bill.No.20/7-3-17 |
| 18 | മേക്കാട്ട് പൂത്താക്കൽ EMS-വായനശാല കക്കാട്ട് റോഡ് ടാറിങ്ങ്-121/16-17 | കെ.ചന്തു | 2.18 | 0.71 | 6.32 | ₹67951.00/- Bill.No.21/7-3-17 |
| 19 | മൂന്നുറോഡ് മുത്തപ്പൻ അമ്പലം റോഡ് ടാറിങ്ങ് 122/16-17 | കെ.ചന്തു | 1.34 | 0.43 | 3.89 | ₹41788.00/- ch.No.211932/ 7-3-17/Own fund |
| 20 | ബങ്കളം മിൽക്ക് സൊസൈറ്റി കാലിച്ചാമരം റോഡ് ടാറിങ്ങ് -123/16-17 | കെ.ചന്തു | 2.94 | 0.95 | 8.52 | ₹91570.00/- Bill.No.22/7-3-17 |
| 21 | വാഴക്കോട് നാർക്കല റോഡ് ടാറിങ്ങ്-124/16-17 | എ.കണ്ണൻ | 2.03 | 0.66 | 5.88 | ₹63227.00/- Bill.No.23/7-3-17 |
| 22 | നീരാളി- കായക്കീൽ റോഡ് ടാറിങ്ങ്-125/16-17 | കെ.ബാലകൃഷ്ണൻ | 4.49 | 1.45 | 13.01 | ₹139825.00/- Bill.No.24/7-3-17 |

| | | | | | | |
|---|---|---|---|---|---|---|
| 23 | ചുണ്ട അരയങ്ങാനം റോഡ് ടാറിങ്ങ്-128/16-17 | ബി.എം.കൃഷ്ണൻ നായർ | 2.45 | 0.79 | 7.10 | ₹76308.00/- Bill.No.25/7-3-17 |
| 24 | കുണ്ടറ തേരകൊച്ചി റോഡ് ടാറിങ്ങ്-11/16-17 | റോയ് ജോസ് | 6.74 | 1.97 | 17.62 | ₹197300.00/- Bill.No.26/7-3-17 |
| 25 | ബങ്കളം കക്കാട്ട് അമ്പലം റോഡ് ടാറിങ്ങ്-25/16-17 | റോയ് ജോസ് | - | 5.82 | 58.33 | ₹378227.00/- Bill.No.27/7-3-17 |
| | | ആകെ | 64.00 | 31.9 | 311.0 | ₹27,97,341 |

## 3-8 ടാർ വാങ്ങുന്നതിന് ഓയിൽകമ്പനികൾക്ക് മുൻകൂർ നൽകി-തിരികെ ലഭിക്കുവാനുള്ളത് 73,478രൂപ

10.02.2017 ലെ സർക്കാർ സർക്കുലർ നം 75/ഡി.എ1/2017/തസ്വഭവ പ്രകാരം അനുമതി നൽകിയതനുസരിച്ച് 2016-17 വർഷം നടപ്പിലാക്കനുദ്ദേശിച്ച 25 റോഡ് ടാറിംഗ് / റീ ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ടാറും എമൽഷനും വാങ്ങി നൽകുന്നതിനായി വിവിധ ഫണ്ടുകളിൽ നിന്നായി ആകെ ₹ 27,97,341 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനിയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന ഓയിൽ കമ്പനികൾക്ക് (മാംഗളൂർ പെട്രോകെമിക്കൽസ് ലിമിറ്റഡ് &ഹിന്ദുസ്ഥാൻ കൊളാസ് കൊച്ചി) മുൻകൂർ ആയി നൽകിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾക്ക് മാർച്ച് 2017 മാസത്തിൽ തന്നെ തുക മുൻകൂർ ആയി നൽകിയിരുന്നെങ്കിലും ഈ സ്ഥാപനങ്ങൾ സാമഗ്രികൾ നൽകിയത് 2017ഏപ്രിൽ, മാസത്തിലാണ്. തുക മുൻകൂർ നൽകിയ തിയതി മുതൽ സാമഗ്രികൾ വിതരണം ചെയ്ത തിയതി വരെയുള്ള കാലയളവുകളിൽ ഈ സാമഗ്രികൾക്ക് വിലക്കുറവ് വന്നിട്ടുണ്ട്. അതു കൊണ്ട് പഞ്ചായത്ത് മുൻകൂർ നൽകിയ തുകയെക്കാൾ 73,478രൂപ കുറവിൽ ഈ സാമഗ്രികൾ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് മുൻകൂർ നൽകിയ തുകയിൽ 73,478 രൂപ മേൽ സ്ഥാപനങ്ങളിൽ ബാക്കി കിടക്കുന്നുണ്ട്. (മംഗളൂർ പെട്രോകെമിക്കൽസ് ലിമിറ്റഡ്-ന്റെ പക്കൽ 47,115രൂപ, ഹിന്ദുസ്ഥാൻ കൊളാസിന്റെ പക്കൽ 26,363 രൂപ). ഈ തുക എത്രയും പെട്ടെന്ന് തിരികെ ഈടാക്കി വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം, റോഡ് മെയിന്റനൻസ് ഫണ്ട് എന്നീ ഫണ്ടുകളിൽ നിന്നുള്ള തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്കും തനതു ഫണ്ടിൽ നിന്നുള്ള തുക തനതു ഫണ്ടിലേക്കും തിരിച്ചടച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-9 വ്യക്തിഗത ഗാർഹിക കക്കൂസ് പദ്ധതി - ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്ട് നം. 116/17

ഈ പദ്ധതി പ്രകാരം ആകെ 338 ഗാർഹിക കക്കൂസ് നിർമ്മിക്കുന്നതിനായി ആകെ 52,05,200/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി താഴെപ്പറയും പ്രകാരമാണ് തുക ലഭ്യമാക്കിയിട്ടുള്ളത്.

കേന്ദ്രഫണ്ട് - 42,78,000

തനത് ഫണ്ട് - 10,18,060

ബ്ലോക്ക് ഷെയർ - 5,71,340

ഈ തുകയിൽ കേന്ദ്രഫണ്ട്, തനത് ഫണ്ട് എന്നിവ പ്രകാരം ലഭിച്ച തുകകൾ പൂർണ്ണമായും ചെലവഴിച്ചപ്പോൾ, ബ്ലോക്ക് പഞ്ചായത്ത് ഫണ്ടായി ലഭിച്ച 5,71,340/- രൂപയിൽ 2,03,400/- രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി 3,67,940/- രൂപ ചെലവഴിക്കാതെ ജോയിന്റ് വെഞ്ചർ പ്രൊജക്ടുകൾക്കു വേണ്ടി തുടങ്ങിയ നീലേശ്വരം സബ്ട്രഷറി അക്കൗണ്ടിൽ ബാലൻസ് ആയി കിടക്കുകയാണ്. ഇനി ആർക്കും കയ്യുസ് നൽകാനില്ല എന്നാണ് വി.ഇ.ഒ വ്യക്തമാക്കിയിട്ടുള്ളത്. അതിനാൽ ഈ തുക തിരികെ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ആരോഗ്യമേഖല-വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുവാനവശേഷിക്കുന്നത് 5.62 ലക്ഷം രൂപയുടെ മരുന്നുകൾ

മടിക്കൈ ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയിൽ മരുന്ന് വാങ്ങുന്നതിനായി വിവിധ പ്രൊജക്ടുകൾ പ്രകാരം ഔഷധി, ഹോംകോ, കെ.എം.എസ്.സി.എൽ എന്നീ സ്ഥാപനങ്ങൾക്കായി 6.93ലക്ഷം രൂപ വിവിധ മെഡിക്കൽ ഓഫീസർമാർ കൈമാറിയിട്ടുണ്ട്. ഇതു പ്രകാരം ലഭ്യമാകേണ്ട മരുന്നുകൾ ഭാഗീകമായിമാത്രമാണ് ഗ്രാമ പഞ്ചായത്തിലെ ആശുപത്രികൾക്ക് ലഭിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും , ലഭ്യത ഉറപ്പാക്കി ഇതു സംബന്ധിച്ച മറുപടി ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് നം | തുകകൈമാറിയ സ്ഥാപനം | തുക | ബിൽനം തിയതി | ലഭ്യമായ മരുന്ന് (തുക) | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്ന് (തുക) |
|---|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ. പി.എച്ച്.സി | 105/16-17 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 3,00,000 | 6/23-01-2017 | ഇല്ല | 3,00,000 |
| 2 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 86/16-17& 87/16-17 | ഔഷധി | 50,000 | 7/23-1-2017 | 37,292 | 12,708 |
| 3 | ടി | ടി | ടി | 25,000 | 8/15-3-2017 | 3,717 | 21,283 |
| 4 | ടി | ടി | ടി | 50,000 | 14/31-3-2017 | 24,519 | 25,481 |
| 5 | ടി | ടി | ടി | 1,00,000 | 16/31-3-2017 | ഇല്ല | 1,00,000 |
| 6 | ടി | ടി | ടി | 18,000 | 17/31-3-2017 | 6,379 | 11,621 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ | 49/16-17 | ഹോംകോ, ആലപ്പുഴ | 1,50,000 | 01/14-11-2016 | 58,950 | 91,050 |
| | | | ആകെ | 6,93,000 | | 1,30,857 | 5,62,143 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാഞ്ഞങ്ങാട്- ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 5,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 3,97,677 | 1,02,323 |
| കാഞ്ഞങ്ങാട്- ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 5,71,340 | ഒ.ഡി.എഫ് പദ്ധതി | 2,03,400 | 3,67,940 |
| കാസറഗോഡ്- ജില്ലാ പഞ്ചായത്ത് | 2016-17 | 80,000 | നെൽകൃഷി വികസനം | 80,000 | 0 |
| കാഞ്ഞങ്ങാട്- ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 4,00,000 | പകൽ വീട് | 0 | 4,00,000 |
| കാഞ്ഞങ്ങാട്- ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 30,000 | പാലിയേറ്റീവ് കെയർ പദ്ധതി | 30,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ. (സാധ) നം. 277/10 തസ്വഭവ തി. 27-01-2010 | 1,30,01,549 | 38,99,099 | 23,63,722 | - | 15,35,377 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 41716 /-രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3(1) | ₹41,716 | ചന്ദ്രൻ ,പൊതുമരാമത്ത് കോൺട്രാക്ടർ | 11601102072/ 25-7-2016 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹6,22,97,255 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,78,63,404 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹12,04,990 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | - | ഇല്ല | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | ₹8,95,270 | മധുസൂദനൻ.വി അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) |

| | | |
|---|---|---|
| 3-3 | ₹70,700 | എം.പി.അശോക് കുമാർ സെക്രട്ടറി |
| 3-4 | ₹43,020 | മധുസൂദനൻ.വി.അസി.സെക്രട്ടറി |
| 3-5 | ₹1,96,00 | മധുസൂദനൻ.വി.അസി.സെക്രട്ടറി |
| ആകെ | ₹12,04,990 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല. | ഇല്ല. | ഇല്ല. |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 6/242/12 തീയ്യതി 16-04-12 | - |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 3/250/11 തീയ്യതി 05-07-2011 | 14 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 3/251/2011തീയ്യതി 05-7-2011 | 8 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 3/252/2011 തീയ്യതി 05-7-2011 | 7 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി 3/253/2011 തീയ്യതി 05-7-2011 | 7 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി 3/254/2011 തീയ്യതി 05-7-2011 | 11 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി 3/255/2011 തീയ്യതി 05-7-2011 | 2 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി 6/245/2012 തീയ്യതി16-04-2012 | 3 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി 6/246/2012 തീയ്യതി28-05-2012 | 3 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.കെ.എസ്.ഡി 4/938/2011 തീയ്യതി-07-08-2012 | 7 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി 6/239/2012. തീയ്യതി.11-09-2012 | 8 |
| 2008-09 to 2010-11 | എൽ.എഫ്.കെ.എസ്.ഡി 8/238/2013 തീയ്യതി.26-03-2013 | 21 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി 8/775/2013 തീയ്യതി. 22-02-2014 | 10 |
| 2012-13 & 2013-14 | എൽ.എഫ്.കെ.എസ്.ഡി 9/274/2015 തീയ്യതി. 11-08-2015 | 8 |
| 2014-15 | എൽ.എഫ്.കെ.എസ്.ഡി 8/738/2016 തീയ്യതി. 19-07-2016 | 9 |
| 2015-16 | എൽ.എഫ്.കെ.എസ്.ഡി 8/4/2017 തീയ്യതി. 05-01-2017 | 12 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-8/636/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.
E-mail:- doksd.ksad@kerala.gov.in

തീയതി.12.06.2017.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, മടിക്കൈ ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

No. KSA-KSD8-/636/2017.

Kerala State Audit Department,
District Audit Office, Kasaragod – 671123.

E-mail:- doksd.ksad@kerala.gov.in

Dated:12.06.2017.

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Madikai Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Madikai Grama Panchayat for the year 2016-17, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director,
Kerala State Audit Department,
District Audit Office, Kasaragod.